**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **24-08-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് പദ്ധതിയിൽ അംഗമാകാൻ താല്പര്യമില്ലാത്തവർക്ക് പദ്ധതിയിൽ നിന്ന് ഒഴിവാകാൻ സാധിക്കുമോ; അവരുടെ പ്രീമിയം പിടിച്ചെടുക്കുന്ന നടപടിയിൽ മാറ്റം വരുത്തുമോ; | (എ) | **സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്കും അവരുടെ ആശ്രിതർക്കും നിർബന്ധിതാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയാണ് മെഡിസെപ്. ടി പദ്ധതിയിൽ നിന്നും ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കുകയാണെങ്കിൽ ആയത് ഒരു കൊഴിഞ്ഞ് പോക്കിന് കാരണമാകുകയും അത് ഫലത്തിൽ പദ്ധതിയുടെ ഉദ്ദേശശുദ്ധിയ്ക്ക് വിഘാതം സൃഷ്ടിക്കുമെന്നതിനാലും മെഡിസെപ് പദ്ധതിയിൽ നിന്നും ആരെയും ഒഴിവാക്കാൻ സാധിക്കാത്തതും പ്രീമിയം അടവിൽ നിന്നും നിലവിൽ ഇവരെ മാറ്റി നിർത്താൻ കഴിയാത്തതുമാണ്.** |
| (ബി) | ജീവനക്കാരും ഇൻഷ്വറൻസ് കമ്പനിയും തമ്മിലുള്ള കരാർ പ്രകാരം ഓരോ ജീവനക്കാർ/ പെൻഷൻകാരിൽ നിന്നും ഈടാക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | **ജീവനക്കാരിൽ/പെൻഷൻകാരിൽ നിന്നും പ്രതിമാസം 500/- രൂപയാണ് (GST ഉൾപ്പെടെ) ഈടാക്കുന്നത്. ആയതിന്റെ പ്രീമിയം ഇനത്തിലെ 472/- രൂപ കമ്പനിക്ക് നൽകുകയും ബാക്കി 28/- രൂപ അധിക പരിരക്ഷ ലഭിക്കുന്ന catastrophic അസുഖങ്ങൾക്കുള്ള കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റി വയ്ക്കുകയും ചെയ്യുന്നു.** |
| (സി) | മേല്പറഞ്ഞ പ്രകാരം ലഭിക്കുന്ന തുക ഇൻഷ്വറൻസ് കമ്പനിക്ക് നൽകി മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ആശുപത്രികളെക്കൂടി ഉൾപ്പെടുത്തുവാൻ ശ്രമിക്കുമോ; വ്യക്തമാക്കുമോ? | (സി) | **പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്.** മെച്ചപ്പെട്ട സൗകര്യങ്ങളുള്ള കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഇൻഷ്വറൻസ് കമ്പനിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ